(എഫ്) ഭരണഘടന അനുശാസിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ വിവിധ കോടതിവിധികൾ പ്രകാരം വ്യാഖ്യാനിച്ചിട്ടുള്ളതുമായ അവകാശങ്ങളാണ് ന്യൂന പക്ഷ പദവി ലഭിച്ച സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നത്.

ആദിവാസിമേഖലകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി

25 (*565) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ പ്ലസ് ടൂ വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എസ്. എസ്. എ. യുടെ ആഭിമുഖ്യത്തിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന 'പഠിത്ത വീട്' എന്ന സംരംഭത്തിലൂടെ ഏതൊക്കെ ജില്ലകളിലെ ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ അദ്ധ്യയനവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശമുണ്ടോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ആദിവാസി മേഖലകളിലെ പ്ളസ്ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് എസ്.എസ്.എ.യിൽ പ്രത്യേക പദ്ധതി യൊന്നും നിലവിലില്ല. എന്നാൽ ആദിവാസി മേഖലകളിൽ ഒന്നു മുതൽ നാലു വരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ആദിവാസി മേഖലയിൽ പഠിത്ത വീട് എന്ന സംരംഭം നടപ്പിലാ ക്കിയിട്ടില്ല. വീടുകളിൽ വേണ്ടത്ര പഠനാന്തരീക്ഷവും പഠനസാഹചര്യവും ഇല്ലാത്ത മുഖ്യധാരാ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ക്ളാസ്സിലെ പഠന പ്രവർത്ത നങ്ങളുടെ തുടർച്ചയായ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും സർഗ്ഗാത്മ കമായ ശേഷികൾ വികസിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന പ്രാദേശിക സംരംഭമാണ് പഠനവീടുകൾ. ആദിവാസി മേഖലയിൽ മാത്രമായി പഠന വീട് എന്ന സംരംഭം നടപ്പിലാക്കിയിട്ടില്ല.

(സി) പഠന വീട് എന്ന സംരംഭം നടപ്പിലാക്കാനായി 2010-11 വർഷം എസ്.എസ്.എ.യുടെ എസ്.സി./എസ്.റ്റി. ഇന്റർവെൻഷൻ പ്രകാരം 10,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

വീതം നിലവിലുള്ള 606 പഠനവീടുകൾക്കായി മൊത്തം 60.6 ലക്ഷം രൂപയും പുതിയ പഠനവീടുകൾക്കായി 15000 രൂപ വീതം 639 പഠനവീടുകൾക്കായി മൊത്തം 95.85 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ മൈനോറിറ്റി എഡ്യൂക്കേഷൻ ഇന്റർവെൻഷൻ പ്രകാരം നിലവിലുള്ള പഠനവീടുകൾക്കായി 10000 രൂപ നിരക്കിൽ 162 പഠനവീടുകൾക്കായി 16.20 ലക്ഷം രൂപയും പുതിയ പഠനവീടുകൾക്കായി 15000 രൂപ നിരക്കിൽ 373 എണ്ണത്തിന് 55.95 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

ബദൽ വിദ്യാലയങ്ങളുടെ പ്രവർത്തനത്തിനായി 2010-11 വാർഷിക പദ്ധതിയിൽ 85.91 ലക്ഷം രൂപ 2010 ജൂൺ വരെ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

26 (*566) ശ്രീ. ആർ. സെൽവരാജ് :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത് ;

(ബി) പ്രിന്റിംഗ്, റിപ്രോഗ്രാഫിക് എന്നിവയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) റിപ്രോഗ്രാഫിക് സെന്ററിന് കൂടുതൽ സ്ഥലങ്ങലിൽ സബ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) റിപ്രോഗ്രാഫിക് സെന്ററിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ താഴെക്കൊടുത്തിരിക്കുന്ന വിപുലീകരണ പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത്.

1. മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുക ;
2. സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക ;
3. മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷൻ ആരംഭിക്കുക ;

LIBRARY ARCHIVES Kerala Legislative Assembly